പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1357 | 04.02.2019-ന് മറുപടിക്ക് |

<u>അങ്ങാടിപ്പുറം മാനത്തുമംഗലം ബൈപ്പാസ്</u>

| ചോദ്യം<br>ശ്രീ. ടി.എ.അഹമ്മദ് കബീർ | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | മങ്കട മണ്ഡലത്തിലെ അങ്ങാടിപ്പുറം മാനത്തുമംഗലം ബൈപ്പാസ് നിർമ്മാണത്തിന്റെ ഭാഗമായി അതിർത്തി കല്ലുകൾ സ്ഥാപിച്ച ഭാഗങ്ങളിൽ സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കാമോ;; | (എ) | മങ്കട മണ്ഡലത്തിലെ അങ്ങാടിപ്പുറം മാനത്തുമംഗലം ബൈപ്പാസ് നിർമ്മാണത്തിന് സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി നാളിതുവരെ അർത്ഥന സമർപ്പിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിൽ നിന്നും രേഖാമൂലം അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | മഞ്ചേരി പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 18.01.2019 തീയതിയിലെ ഇ 3-വർക്സ്-2017 കത്തിൽ പൊതുമരാമത്തും റെയിൽവെയും സംയുക്ത സ്ഥലപരിശോധന നടത്തി പുതിയ അലൈൻമെന്റ് തയ്യാറാക്കി ചെന്നൈ സതേൺറെയിൽവെ ചീഫ് എഞ്ചിനീയർക്ക് അയച്ച് കൊടുത്തതായി അറിയിച്ചിട്ടുണ്ട്. ചീഫ് എഞ്ചിനീയർ, സതേൺ റെയിൽവെ അലൈൻമെന്റ് അംഗീകരിക്കുന്ന മുറക്ക് ബന്ധപ്പെട്ടവരുടെ യോഗം ചേർന്ന് സ്ഥലമേറ്റെടുക്കൽ നടപടിയുമായി മുന്നോട്ട് പോകുന്നതാണ്. |

സെക്ഷൻ ഓഫീസർ